*16-10-2026*

*Submission*

**സബ്മിഷൻ**

(1) പാർവ്വതി-പുത്തനാർ വികസനം- വർക്കല മേഖലയിലെ പുനരധിവാസം- ഫണ്ട് അനുവദിക്കുന്നതും ബോട്ട് സർവ്വീസ് ആരംഭിക്കുന്നതും സംബന്ധിച്ച്

ശ്രീ. വി. ജോയി: സർ, കേരളത്തിന്റെ ഭാവിക്ക് ഏറ്റവും കൂടുതൽ പ്രയോജനം ചെയ്യുന്ന പ്രോജക്ടാണ് കോവളം– ബേക്കൽ ദേശീയ ജലഗതാഗത പാത. അതിന്റെ പ്രവർത്തനങ്ങൾ നല്ല നിലയിൽ പുരോഗമിച്ചുവരികയാണ്. ചില റീച്ചുകൾ പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ ബോട്ട് സർവീസുകൾ ആരംഭിക്കുകയും ചെയ്തു. കിഫ്ബിയാണ് ഫണ്ട് നൽകിയിട്ടുള്ളത്. നിലവിൽ പാർട്ട് ബിൽ ഇനത്തിൽ കുറച്ച് തുകകൂടി കൊടുക്കാനുണ്ട്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച "മിഷൻ സമുദ്ര " പദ്ധതിയുമായി ഈ പ്രോജക്ടിനെ ബന്ധപ്പെടുത്തി എങ്ങനെ വിപുലീകരിക്കാൻ സാധിക്കുമെന്നുള്ളതാണ് പ്രധാനമായും പരിശോധിക്കേണ്ടത്. ടൂറിസ്റ്റുകളെ ആകർഷിക്കാൻ അനന്തമായ സാധ്യത

*16-10-2026*

*Submission*

ദേശീയ ജലഗതാഗത പാത പൂർത്തിയാക്കുന്നതോടെ കഴിയുമെന്നാണ് പൊതുവെയുള്ള പ്രതീക്ഷ. റിവർ ടൂറിസ്സമാണെങ്കിലും മറ്റു കാര്യങ്ങളെ സംബന്ധിച്ചാണെങ്കിലും മിഷൻ സമുദ്ര ഇതിന് എത്രത്തോളം പ്രയോജനപ്പെട്ടുമെന്നതിനെ സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. അങ്ങേയ്ക്ക് കൂടി അറിയാവുന്നതാണ്, ഇതിലൊരു വലിയ പ്രശ്നമുണ്ടായിരുന്നു. ജലഗതാഗത പാതയുടെ ഇരുവശവും ആളുകൾ തലമുറകളായി താമസിച്ചുവരികയായിരുന്നു. വർക്കലയിൽ മുന്നൂറിലധികം കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചത്. അവർക്ക് പ്രത്യേക സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചു പുരനധിവസിപ്പിക്കുകയാണ് ചെയ്തത്. കേരളത്തിൽ ധാരാളം സ്ഥലത്ത് അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടന്നിട്ടുണ്ട്. എന്നാലും ചില കാര്യങ്ങൾ അവശേഷിക്കുന്നുണ്ട്. വർക്കലയിൽ ഏകദേശം 25-ഓളം കുടുംബങ്ങളെ ഇനിയും പുരനധിവസിപ്പിക്കാനുണ്ട്. അവിടത്തെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് ബ്രിട്ടീഷ് ഭരണകാലത്ത്

നിർമ്മിച്ച രണ്ട് പ്രധാന ടണലുകളാണ്. അതിലൊന്ന് ചിലക്കൂർ ടണലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടി ടണലിന്റെ പുനരുദ്ധാരണം പൂർത്തീകരിച്ചു. അടുത്തത് ശിവഗിരിയുടെ അടുത്തുള്ള ടണലാണ്. അതുകൂടി പൂർത്തീകരിച്ചാൽ, നമുക്ക് സർവ്വീസ് ആരംഭിക്കാൻ കഴിയുന്ന സാഹചര്യമുണ്ട്. ആ ടണലിന്റെ പുനരുദ്ധാരണവും അതിന്റെ പ്രവർത്തനങ്ങളും കുറച്ചുകൂടി വേഗത്തിലാക്കിയാൽ അങ്ങ് ഉദ്ദേശിക്കുന്നതുപോലെ നാടിനു പ്രയോജനപ്പെടുന്ന പ്രധാനപ്പെട്ട പ്രോജക്ടാക്കി മാറ്റാൻ കഴിയും. അങ്ങ് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്നുള്ളതാണ് സബ്മിഷൻ.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് പാർവതി പുത്തനാറിന്റെ നവീകരണവും വികസനവും. ഇതിൽ ഏറ്റവും വലിയ വെല്ലുവിളിയായി ഉണ്ടായിരുന്നത് ഇതിന്റെ ഇരുവശങ്ങളിലും താമസിച്ചിരുന്ന കുടുംബങ്ങളായിരുന്നു. വർക്കല ഭാഗത്ത് മുന്നൂറ്റി എൺപത്തിയൊമ്പത്

*16-10-2026*

*Submission*

കുടുംബങ്ങളും കഠിനംകുളം ഭാഗത്ത് നൂറ്റി എൺപത്തിയൊമ്പത് കുടുംബങ്ങളും തിരുവനന്തപുരം ഭാഗത്ത് ഇരുനൂറ്റി തൊണ്ണൂറ്റാറ് കുടുംബങ്ങളും പാക്കേജ് സ്വീകരിച്ച്, വീട് പൊളിച്ചുമാറ്റി, പുറമ്പോക്ക് ഭൂമി വിട്ടുനൽകി. അതിന് നേരത്തെ നൂറ്റി പതിനാറ് കോടി രൂപ അനുവദിച്ചിരുന്നു. ഇനി നൂറ്റി അറുപത്തിയൊന്ന് കുടുംബങ്ങളുടെ പാക്കേജ് തുകയും എഴുപത്തിയേഴ് കുടുംബങ്ങളുടെ കെട്ടിട മൂല്യനിർണ്ണയ തുകയുമുൾപ്പെടുന്ന ഇരുപത്തിനാല് കോടി രൂപയുടെ ബിൽ അംഗീകാരത്തിന് നൽകിയിട്ടുള്ളത് പരിശോധിച്ചുവരികയാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആ പാക്കേജ് തീർച്ചയായും നൽകും. അങ്ങ് സൂചിപ്പിച്ചതുപോലെ, വർക്കലയിലെ ചിലക്കൂർ ടണൽ, ശിവഗിരി ടണൽ എന്നിവയിലെ ചെളി നീക്കിയതിനുശേഷം സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ഇതിന്റെ എസ്.പി.വി., 24.98 കോടി രൂപ ചെലവിൽ വർക്കലയിൽ നടപ്പാക്കുന്ന അരിവാളം മുതൽ തൊട്ടിപ്പാലം വരെയുള്ള കനാലിന്റെ സൗന്ദര്യവൽക്കരണം എന്ന പ്രവൃത്തിയിലുൾപ്പെടുത്തി ചിലക്കൂർ ടണലിന്റെ അറ്റകുറ്റപണികളും ടണലിന്റെ ഇരുവശവും ഇരുന്നൂറ്റമ്പത് മീറ്റർ വരുന്ന കനാലിന്റെ നവീകരണവും

*16-10-2026*
*Submission*

സംരക്ഷണഭിത്തി നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന ഫൂട്ട് ഓവർ ബ്രിഡ്ജ്, ചരിവുതലത്തിൽ ഭൂവസ്ത്രം സ്ഥാപിച്ചിട്ടുള്ള സംരക്ഷണം തുടങ്ങിയ പ്രവൃത്തികൾ 2027 മാർച്ച് മാസത്തോടെ പൂർത്തിയാകും. വർക്കല ഭാഗത്ത് ഒന്നാംപാലം മുതൽ താഴെവെട്ടൂർ വരെയുള്ള കനാൽഭാഗം ഗതാഗതയോഗ്യമാണ്. എന്നിരുന്നാലും അവിടെ പീരിയോഡിക്കൽ മെയിന്റനൻസ് ആവശ്യമാണ്. താഴെവെട്ടൂർ മുതൽ വള്ളക്കടവ് വരെയുള്ള ഭാഗത്ത് ചിലക്കൂറിൽ റോഡുകളുടെയും തീരങ്ങളുടെയും സംരക്ഷണം ക്വിൽ (KWIL) മുഖാന്തരം പൂർത്തിയായിവരുന്ന സൗന്ദര്യവൽക്കരണ പ്രവൃത്തിയിലുൾപ്പെടുത്തിയിട്ടുണ്ട്. വള്ളക്കടവ് മുതൽ രാമന്തളി വരെയുള്ള ഭാഗങ്ങളിൽ നടപ്പാക്കിയ കനാൽ വികസന പ്രവൃത്തി മതിയായ പുരോഗതി കൈവരിക്കാതിരുന്നതിനാൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് പുനഃക്രമീകരിക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ശിവഗിരി മുതൽ നടയറ വരെ നടപ്പാക്കിയ രണ്ട് പ്രവൃത്തികളിൽ റീച്ച് പുരോഗമിക്കുന്നതിലൂടെ 42000 ക്യൂബിക് മീറ്റർ മണ്ണ് കനാലിലേക്ക് ഇടിഞ്ഞുവീണു. അതിനെത്തുടർന്ന് പ്രവൃത്തി തടസ്സപ്പെട്ടിട്ടുണ്ട്. റീച്ച് രണ്ട്

*16-10-2026*

*Submission*

പ്രവൃത്തി അറുപത്തിമൂന്ന് ശതമാനം പുരോഗമിച്ചിട്ടുണ്ട്. നടയറ മുതൽ നടയറ കായൽ വരെയുള്ള ഭാഗത്ത് നടപ്പാക്കിയ പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദാക്കി പുനഃക്രമീകരിക്കും. അത് പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പൂർണ്ണസഹകരണമുണ്ടാകും. അങ്ങുകൂടി അക്കാര്യത്തിൽ മുൻകൈയെടുത്ത് സർക്കാരിന്റെ ഭാഗത്തുനിന്ന് എവിടെയെങ്കിലും എന്തെങ്കിലുമൊരു ഇടപെടൽ ഇല്ലാതിരുന്നാൽ, അങ്ങ് നേരിട്ട് എന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് ഇടപെട്ട് പരിഹരിക്കുന്നതാണ്. പാർവതി പുത്തനാർ നവീകരിച്ച്, നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ തടാകങ്ങളും നദികളും 'മിഷൻ സമുദ്ര' പദ്ധതിയുടെ ഭാഗമാക്കി ഇന്റഗ്രേറ്റ് ചെയ്ത് ഏറ്റവും നല്ല ബോട്ടിങ് സൗകര്യങ്ങൾ ചെയ്യാൻ കഴിയുന്നതാണ്. തിരുവനന്തപുരത്തുകൂടി ഒഴുകുന്ന, തിരുവനന്തപുരം ജില്ലയുടെതന്നെ ഒരു പ്രധാനപ്പെട്ട ആറാണ് പാർവതി പുത്തനാർ. അത് നവീകരിച്ച് ഭംഗിയാക്കി, ഒരു നല്ല ഡെസ്റ്റിനേഷൻ പോയിന്റാക്കിമാറ്റുന്ന കാര്യത്തിൽ സർക്കാർ നിശ്ചയദാർഢ്യത്തോടുകൂടി പ്രവർത്തിക്കുമെന്ന് ഞാൻ അങ്ങേയ്ക്ക്

ഉറപ്പുനൽകുന്നു.

## (2) നാഷണൽ ഹൈവേ 66 പുനർനിർമ്മാണം

ശ്രീ. ജി. സുധാകരൻ: സർ, ഇത് ഒരു അടിയന്തര പ്രമേയമായി അവതരിപ്പിക്കേണ്ട വിഷയമാണെങ്കിലും ഞാൻ ഒരു സബ്മിഷനായാണ് അവതരിപ്പിക്കുന്നത്. നാഷണൽ ഹൈവേയുടെ പുനർനിർമ്മാണത്തിലെ ഗുരുതരമായ അപാകതകളെക്കുറിച്ചാണ് ഞാനിവിടെ സംസാരിക്കാൻ ആഗ്രഹിക്കുന്നത്. കേരളത്തിന്റെ തെക്ക് പാറശ്ശാല മുതൽ വടക്ക് മഞ്ചേശ്വരം വരെയുള്ള ദേശീയപാത 45 മീറ്റർ വീതികൂട്ടി ആധുനിക രീതിയിൽ നിർമ്മിക്കുകയാണല്ലോ. 2016-2021 കാലത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് 45 മീറ്ററിൽ ദേശീയപാത നിർമ്മിക്കാൻ തീരുമാനിച്ചത്. അതിനായി 60 മീറ്റർ വേണമെന്ന് നിർബന്ധം പിടിച്ചിരുന്ന കേന്ദ്രത്തെ അതിൽനിന്ന് മാറ്റാൻവേണ്ടി അന്നത്തെ മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ചേർന്ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിജിയ്ക്കും കേന്ദ്ര ഉപരിതല വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിക്കും നിവേദനം നൽകി. ഇപ്പോൾ നിർമ്മാണം പല

ഘട്ടങ്ങളിലായി നടന്നുവരികയാണ്. കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുന്നതുവരെ നാഷണൽ ഹൈവേ നിർമ്മാണ ചുമതല അതത് സംസ്ഥാന സർക്കാരുകൾക്കായിരുന്നു. കേന്ദ്രം പണം നൽകുകയും കേരള പൊതുമരാമത്ത് വകുപ്പ് പ്ലാനും എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കി നിർമ്മിക്കുകയുമായിരുന്നു. ചീഫ് എഞ്ചിനീയർ മുതലുള്ള നാഷണൽ ഹൈവേ ഡിവിഷൻ നമുക്കുണ്ടായിരുന്നു. കഴിഞ്ഞ സർക്കാരിന്റെകാലത്ത് സംസ്ഥാനത്തെ ഒഴിവാക്കുകയും നാഷണൽ ഹൈവേ അതോറിറ്റി നേരിട്ട് നിർമ്മാണം നടത്തിവരികയുമാണ്. അങ്ങേയറ്റം നിരുത്തരവാദപരമായാണ് നിർമ്മാണം നടക്കുന്നത്. കേരളം പോലെ ജനസാന്ദ്രതയും ദേശീയപാത കടന്നുപോകുന്നതുമായ നിരവധി പട്ടണങ്ങളുള്ള കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ മേൽപ്പാലത്തിലൂടെയായിരുന്നു നാഷണൽ ഹൈവേ നിർമ്മാണം വേണ്ടിയിരുന്നത്. അത് ചെലവുകൂട്ടുകയല്ല കുറയ്ക്കുകയാണ് ചെയ്യുമായിരുന്നത്. മേൽപ്പാലത്തിന് താഴെയായി നല്ല ഗതാഗത സൗകര്യവുമുണ്ടാകുമായിരുന്നു. നാട്ടുകാർക്ക് റോഡ് മുറിച്ചുകടക്കുന്നതിന്

*16-10-2026*

*Submission*

യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഇപ്പോഴത്തെ നിർമ്മാണരീതി പ്രകാരം റോഡുകൾ കെട്ടിയടച്ച് വൻമതിൽ പോലെയാണ് നിർമ്മിക്കുന്നത്. വടകരയിലും കളർകോടും കേരളത്തിന്റെ പലഭാഗത്തുമിത് കാണാം. പലയിടത്തും ഗുഹപോലെയാണ് അടിപ്പാതകൾ നിർമ്മിച്ചിരിക്കുന്നത്. അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ആലപ്പുഴ നഗരത്തിന്റെ പ്രവേശന കവാടവും ആലപ്പുഴ ബൈപ്പാസിന്റെ തുടക്കവുമായ കളർകോട് മുതൽ തോട്ടപ്പള്ളി സ്പിൽവേയുടെ വടക്കുഭാഗം വരെയുള്ള 15 കിലോമീറ്റർ മേൽപ്പാലമായിതന്നെ നിർമ്മിക്കണം. അറബിക്കടലിന്റെ തീരവും ദേശീയപാതയും തമ്മിൽ പരമാവധി 200 മീറ്റർ മാത്രം ദൂരമുള്ള കളർകോടിനും തോട്ടപ്പള്ളിക്കുമിടയിലുള്ള നാഷണൽ ഹൈവേയുടെ നിർമ്മാണസ്ഥലം നിലവിലെ രീതിയിൽ പൂർത്തീകരിച്ചശേഷം പഴയ അനുഭവമായ സുനാമിപോലുള്ള പ്രകൃതിദുരന്തങ്ങൾ സംഭവിച്ചാൽ തീരപ്രദേശത്തെ ജനങ്ങൾ നേരിടേണ്ടിവരുന്നത് വലിയ ആപത്തായിരിക്കും, അവർക്ക് രക്ഷപ്പെടാനുള്ള മാർഗമാണ് കെട്ടിയടച്ചിരിക്കുന്നത്. അതിനാൽ ഈ പ്രദേശത്തുകൂടി കടന്നുപോകുന്ന

*16-10-2026*

*Submission*

നാഷണൽ ഹൈവേ പൂർണ്ണമായും മേൽപ്പാലം മാതൃകയിൽ നിർമ്മിക്കണമെന്ന ആവശ്യമുന്നയിക്കുന്നു. ഇതിനായി കേരളത്തിലെ പൊതുമരാമത്ത് വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുംവഴി കേന്ദ്രത്തിലേക്ക് ശിപാർശ ചെയ്യണമെന്ന് അഭ്യർഥിക്കുന്നു. ഇപ്പോൾ നടക്കുന്ന നിർമ്മാണ വൈകല്യങ്ങളെക്കുറിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന ഒരു അന്വേഷണം നടത്തി ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിഴവുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് അപാകതകൾ പരിഹരിച്ച് മുമ്പ് നമുക്ക് ചെയ്യാൻ കഴിയാതിരുന്ന കറക്ഷൻ ഇപ്പോൾ ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയും നിയമസഭാംഗവുമായ ശ്രീ. ജി. സുധാകരൻ ഇവിടെ ഉന്നയിച്ച സബ്മിഷനിൽ പറഞ്ഞ കാര്യം, മുമ്പ് ദേശീയപാത അതോറിറ്റിയ്ക്ക് നമ്മുടെ എൻ.എച്ച്. ഡിവിഷനാണ് എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിക്കൊടുത്തിരുന്നത്. അതിനാൽ എന്തെങ്കിലും എവിടെയെങ്കിലും അപാകതകളുണ്ടോ, എസ്റ്റിമേറ്റിലും

*16-10-2026*

*Submission*

പ്ലാനിലുമൊക്കെ എന്താണ് തകരാറെന്നുമുള്ള എല്ലാകാര്യങ്ങളും അറിയാമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എസ്റ്റിമേറ്റും പ്ലാനും ഡിസൈനുമെല്ലാം മുഴുവനായി എൻ.എച്ച്.എ.ഐ. ഏറ്റെടുക്കുകയാണുണ്ടായത്. നമ്മുടെ സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. ഡിപ്പാർട്ടുമെന്റിന് യാതൊരു കൺട്രോളും ഇല്ലാതെയായി. അതിന്റെ ഒരു ദൂരവ്യാപകമായ പ്രത്യാഘാതമാണ് അങ്ങ് ഇവിടെ സൂചിപ്പിച്ച ഈ കാര്യത്തിലുള്ളത്. നമുക്കെല്ലാവർക്കുമറിയാം 12-05-2020-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം കേരളത്തിലെ ദേശീയപാത 66, 1507/E പ്രകാരം ദേശീയപാത അതോറിറ്റിയെ ഏൽപ്പിച്ചു. അങ്ങ് സൂചിപ്പിച്ചപോലെ 2020-ലാണ് ഇത് NHAI-യെ ഏൽപിച്ചത്. അതനുസരിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ, അംഗീകാരങ്ങൾ, കരാർ വ്യവസ്ഥകൾ എന്നിവയ്ക്ക് വിധേയമായി പദ്ധതി ആസൂത്രണം, ഡിസൈൻ, നിർവഹണം, പരിപാലനം എന്നിവയുടെ ഉത്തരവാദിത്വം ദേശീയപാത അതോറിറ്റിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അതുപോലെ സൈറ്റിൽ അധിഷ്ഠിതമായ എഞ്ചിനീയറിങ് ആവശ്യങ്ങൾ, ഗതാഗത പരിഗണനകൾ,

*16-10-2026*

*Submission*

സാങ്കേതികവും സാമ്പത്തികവുമായ സാധ്യതാ പഠനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് എലിവേറ്റഡ് ഹൈവേകൾ, ഫ്ലൈ ഓവറുകൾ, അണ്ടർ പാസുകൾ, റിട്ടെയിനിങ് വാളുകൾ (സെക്ടറുകൾ) എന്നിവയുടെ വ്യവസ്ഥകൾ തീരുമാനിക്കുന്നത്. സാധാരണ എൻവയോൺമെന്റ് റീട്ടെയിനിങ് വാൾ ഡീലുകളെ അപേക്ഷിച്ച് എലിവേറ്റഡ് ഗർഡറുകൾക്ക് പൈലിങ് പിയറുകൾ, സൂപ്പർ സ്ട്രക്ചറുകൾ, അനുബന്ധ പ്രവൃത്തികൾക്കായി വലിയ ചെലവ് വരുന്ന എന്നുള്ളതുകൊണ്ടാണ്, അങ്ങ് പറഞ്ഞതുപോലെ മറ്റ് മാറ്റങ്ങളുണ്ടായത്. കളർകോട് മുതൽ തോട്ടപ്പള്ളി സ്പിൽവേയുടെ വടക്കുവശം വരെയുള്ള ഏകദേശം പതിനാറ് കിലോമീറ്റർ നീളമുള്ള പാതയുടെ നിർമ്മാണം ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. ഈ ഘട്ടത്തിൽ നിലവിലുള്ള ഘടന ഒരു തുടർച്ചയായ എലിവേറ്റഡ് ഹൈവേയായി മാറ്റുന്നത് അംഗീകൃത ഡിസൈനിൽ വലിയ മാറ്റങ്ങൾ വരുത്തുന്നതിനും വലിയ രീതിയിലുള്ള പുനർനിർമ്മാണത്തിനും കാരണമാകും. എന്നിരുന്നാലും ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട പ്രകാരം ഹൈവേ നിർമ്മാണത്തിലുണ്ടായിട്ടുള്ള വൈകല്യങ്ങൾ

സംബന്ധിച്ച് അന്വേഷണം നടത്തുന്നതും റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യങ്ങൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതുമാണ്. അതുമാത്രമല്ല, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ഇനിയൊരു എലിവേറ്റഡ് പാത നിർമ്മിക്കുകയാണെങ്കിലുള്ള ചെലവും മറ്റ് കാര്യങ്ങളും പഠിച്ച് അതിന്റെ റിപ്പോർട്ട് കൊടുത്തശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി കേന്ദ്രത്തോട് ഇക്കാര്യം ഗൗരവമായി പരിഹരിക്കാൻ ആവശ്യപ്പെടാമെന്നാണ് അങ്ങയുടെ സബ്മിഷനിൽ എനിക്ക് പറയാനുള്ളത്. കാര്യങ്ങളൊക്കെ വളരെ ക്ലിയറാണ്. പക്ഷേ ഇങ്ങനെ തുടർച്ചയായി എലിവേറ്റഡ് പാത മാറുമ്പോൾ അംഗീകൃത ഡിസൈനിൽ വലിയ മാറ്റങ്ങൾ വരും, വലിയൊരു സാമ്പത്തിക ചെലവ് വരുമെന്നാണ് പ്രാഥമികമായി നമുക്ക് ലഭിച്ച റിപ്പോർട്ട്. എന്നിരുന്നാലും ഇത് ഗൗരവമായി പരിശോധിക്കാം.

(3) <u>ചിറ്റൂർ താലൂക്കിലുണ്ടായ ആൾക്കൂട്ട കൊലപാതകം</u>

<u>ശ്രീ. സുമേഷ് അച്ചുതൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ

*16-10-2026*

*Submission*

കഴിഞ്ഞ ശനിയാഴ്ച സംഭവിച്ചത് മനുഷ്യ മനസാക്ഷിയെ ഞെട്ടിക്കുന്ന വേദനാജനകമായ ഒരു സംഭവമാണ്. അത് ഞാൻ ഈ സഭയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽകൊണ്ടുവരികയാണ്. നാൽപത് വയസ്സ് പ്രായം തോന്നിക്കുന്ന ഊരും പേരുമറിയാത്ത ഒരു ചെറുപ്പക്കാരൻ ആൾക്കൂട്ട മർദനത്തിലൂടെ കൊലചെയ്യപ്പെട്ടിരിക്കുന്നു. മുൻകാലങ്ങളിൽ വടക്കേ ഇന്ത്യയിൽ മാത്രമാണ് നമ്മൾ ഇതുപോലുള്ള സംഭവങ്ങൾ കേട്ടിരുന്നത്. 2018-ലാണ് അട്ടപ്പാടിയിൽ മധു എന്നൊരു ചെറുപ്പക്കാരനെ ഇതുപോലൊരു ആൾക്കൂട്ടം വധിച്ചത്. അന്വേഷണത്തിലുണ്ടായ അപാകതമൂലം മധു കൊലക്കേസിലെ പ്രതികൾ, ഒന്നാം പ്രതിതന്നെ സംശയത്തിന്റെ ആനുകൂല്യത്തിൽ ശിക്ഷയിൽനിന്ന് ഒഴിവാകുന്നൊരു കാഴ്ച നമ്മൾ കണ്ടു. പക്ഷേ ഇവിടെനടന്ന ഈ സംഭവത്തിൽ പൊലീസ് സമയോചിതമായി ഇടപെട്ട് അതിലുൾപ്പെട്ടിട്ടുള്ള ഏഴ് പ്രതികളെയും അറസ്റ്റ് ചെയ്യുകയും പ്രതികൾക്ക് ഒളിവിൽ പോകുന്നതിനെക്കുറിച്ച് ചിന്തിക്കാൻപോലും സമയംകൊടുക്കാതെ വളരെപ്പെട്ടെന്നുതന്നെയാണ് അക്കാര്യത്തിൽ പ്രവർത്തിച്ചത്. അതിന് ഞാൻ പൊലീസിനെ

അഭിനന്ദിക്കാൻകൂടി ഈ അവസരം വിനിയോഗിക്കുന്നു. ഈ ആൾക്കൂട്ട കൊലപാതകം ഒരു വികാരമാണ്. ഇപ്പോഴത്തെ ചില ചെറുപ്പക്കാർ മദ്യത്തിന്റെ ലഹരിയിൽ ഒരാളെ മർദിക്കുന്നു. ആ മരിച്ച ചെറുപ്പക്കാരന്റെ ദേഹത്ത് അമ്പതിലധികം പരിക്കുകളാണുണ്ടായിരുന്നത്. തലയിൽ രക്തം കട്ടപിടിക്കുന്ന രീതിയിൽ മർദിച്ചിരിക്കുന്നു. ഇതുപോലുള്ള സംഭവങ്ങൾ നമ്മുടെ നാട്ടിൽ ഇനി ആവർത്തിക്കാൻ പാടില്ല. ഈ വിഷയത്തിൽ വളരെ കുറ്റമറ്റൊരു അന്വേഷണം നടത്തി കുറ്റക്കാർക്ക് അധികം സമയം വൈകാതെ പെട്ടെന്നുതന്നെ ശിക്ഷ ലഭ്യമാക്കുന്ന രീതിയിൽ സർക്കാരും ആഭ്യന്തര വകുപ്പും ഇടപെടണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഇങ്ങനെ ചെറുപ്പക്കാരുടെ ഇടയിൽ ആൾക്കൂട്ട മർദനം, അതുപോലെ അക്രമം നടത്താനുള്ള ഒരു പ്രവണതയുണ്ടാകുന്നത്, മാതൃകാപരമായി ഈ കേസിൽ ശിക്ഷ വാങ്ങിക്കൊടുത്ത് ഇനി അങ്ങനെയൊരു സംഭവമുണ്ടാകാത്ത രീതിയിലുള്ളൊരു നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

*16-10-2026*

*Submission*

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, ചിറ്റൂർ എം.എൽ.എ. ശ്രീ. സുമേഷ് അച്ചുതൻ വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ഇവിടെ ഉന്നയിച്ചത്. കേരളം പോലെ പുരോഗമനപരമായ ഒരു സംസ്ഥാനത്ത് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ഒരു സംഭവമാണ് കഴിഞ്ഞ ദിവസം പാലക്കാട് മീനാക്ഷിപുരം പൊലീസ് സ്റ്റേഷൻ അതിർത്തിയിലുണ്ടായത്. നിസ്സഹായനായ മധുവിന്റെ ചിത്രമാണ് ഈ സംഭവം ഉണ്ടായ സന്ദർഭത്തിൽ, ആ വാർത്ത വായിച്ചപ്പോൾ എന്റെ മുമ്പിൽ തെളിഞ്ഞുവന്നത്. ഭക്ഷണം കഴിക്കാൻ നിവൃത്തിയില്ലാതെ ഒരു കടയിൽ കയറി അല്പം അരി മോഷ്ടിച്ചു എന്നുപറഞ്ഞ് അട്ടപ്പാടിയിൽ ഒരു കൂട്ടം ആളുകൾ മർദിച്ച് കൊലപ്പെടുത്തിയ മധുവിന്റെ നിസ്സഹായമായ മുഖം ഇപ്പോഴും എന്റെ മനസ്സിൽ തങ്ങി നിൽക്കുകയാണ്. ആ കേസ് എങ്ങനെ അവസാനിച്ചെന്ന് എല്ലാവർക്കുമറിയാം. സാക്ഷികൾ കൂറുമാറുകയും ആരോരുമില്ലാതെ  മധുവിന്റെ കുടുംബം ഇപ്പോഴും വേദന കടിച്ചമർത്തി ജീവിക്കുകയും ചെയ്യുന്ന സാഹചര്യം നമ്മുടെ മുമ്പിലുണ്ട്. വാസ്തവത്തിൽ, കേരളത്തെ പോലൊരു സംസ്ഥാനത്ത്, 100 ശതമാനം സാക്ഷരതയുള്ള പുരോഗമനപരമായ നിയമങ്ങൾ പാസാക്കിയ, മറ്റ്

*16-10-2026*
*Submission*

സംസ്ഥാനങ്ങളിൽനിന്ന് വളരെ വ്യത്യസ്തമാണ് നമ്മളെന്നെല്ലാം അഭിമാനിക്കുന്ന കേരളത്തിൽ, അട്ടപ്പാടിയിലെ മധുവിനുണ്ടായ സംഭവം അവസാനത്തേതാകട്ടേയെന്ന് എല്ലാവരും ആഗ്രഹിച്ചുപോയതാണ്. ബഹുമാനപ്പെട്ട സ്പെഷ്യൽ കോടതി ഫോർ എസ്.സി./എസ്.ടി. (പി.ഒ.എ.) ആക്ട് കേസുകൾ, മണ്ണാർക്കാട് **പു**റപ്പെടുവിച്ച വിധിയിൽതന്നെ ഇത് അവസാനത്തെ ആൾക്കൂട്ട കൊലപാതകമാകട്ടെയെന്ന് പറയുന്നുണ്ട്. പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം പൊലീസ് സ്റ്റേഷൻ പരിധിയിലുള്ള മൂലത്തറ ഡാമിന് സമീപം ഏകദേശം 35-40 വയസ്സ് പ്രായം തോന്നിക്കുന്ന അജ്ഞാതനായ ഒരു പുരുഷൻ മരണപ്പെട്ടുകിടക്കുന്നതായി 11-10-2026-ൽ രാവിലെ 8.30-ന് കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് സ്രാമ്പി മുൻ വാർഡുമെമ്പറായ ജി.കെ. കമലേഷ് എന്നയാൾ മീനാക്ഷിപുരം പൊലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ അസ്വഭാവികമായ മരണത്തിന് ക്രൈം നമ്പർ 906/2026 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അതിദാരുണമായ ഒരു സംഭവമാണിത്. ഈ വ്യക്തിയുടെ ശരീരത്തിൽ അമ്പത്തിരണ്ടോളം മുറിവുകളുണ്ടെന്നാണ്

കണ്ടെത്തിയത്. ഈ വ്യക്തി ആരാണെന്ന് ഇതുവരെ കണ്ടെത്താനും കഴിഞ്ഞിട്ടില്ല. ആരായാലും ശരി, ഒരാൾക്കുനേരെ ഇത്രയും മനുഷ്യത്വരഹിതമായ, ഹീനമായ ഒരു കൊലപാതകം കുറെ ആളുകൾ ചേർന്ന് നടപ്പാക്കുമ്പോൾ നമ്മുടെ നീതി നിർവഹണം എവിടെ നിൽക്കുന്നു?. നമ്മുടെ സമൂഹത്തിന്റെ മനഃസ്സാക്ഷി എന്താണ്? ഇത്തരം കൊലപാതകങ്ങളെ നമുക്ക് എങ്ങനെ അംഗീകരിക്കാൻ കഴിയും? ഇവിടെ, മരണപ്പെട്ട ആളിന്റെ മൃതദേഹം ഇൻക്വസ്റ്റ് പരിശോധനയ്ക്ക്ശേഷം തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തി. അതിൽ മരണപ്പെട്ട ആളിന് ദേഹോപദ്രവം ഏറ്റിട്ടുള്ളതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ സി.സി.ടി.വി. ക്യാമറകളും മറ്റും പരിശോധിച്ച് അന്വേഷണം നടത്തിയതിൽ, മരണപ്പെട്ടയാളെ കുറച്ചുപേർ ചേർന്ന് കല്ലെറിയുന്നതും മർദിക്കുന്നതുമായി കണ്ടെത്തി. അതിനാൽ മേൽ കേസിന്റെ എഫ്.ഐ.ആർ.-ലെ BNS (Bharatiya Nyaya Sanhita) സെക്ഷൻ 194, വകുപ്പ് കുറവ് ചെയ്യുകയും അജ്ഞാതനെ പ്രതികൾ സംഘം ചേർന്ന് തടഞ്ഞുനിർത്തി മർദിച്ച് കൊലപ്പെടുത്തിയ കാര്യത്തിൽ BNS നിയമത്തിലെ

*16-10-2026*
*Submission*

126(2) അന്യായമായ തടസ്സം, 115(2) സിംപിൾ ഹർട്ട്, 118(1) ആയുധം കൊണ്ട് ദേഹോപദ്രവം ചെയ്യുക, 103(1) കൊലപാതകം, 3, 5 BNS വകുപ്പുകൾക്കൂടി ചേർത്ത് ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. മരണപ്പെട്ടയാളെ മർദിച്ച് കൊലപ്പെടുത്തിയ പ്രതികളെ അന്വേഷണത്തിൽ തിരിച്ചറിഞ്ഞു. കാർത്തി (26 വയസ്സ്), സഞ്ജയ് (27 വയസ്സ്), ഗുനാൽ എന്നു വിളിക്കുന്ന മണികണ്ഠൻ (25 വയസ്സ്), കതിരേശൻ (23 വയസ്സ്), നവീൻ (24 വയസ്സ്), പ്രശാന്ത് കുമാർ (35 വയസ്സ്), സൂര്യപ്രകാശ് (25 വയസ്സ്) എന്നീ ഏഴ് പ്രതികളെ പൊലീസ് പ്രതിസ്ഥാനത്ത് ചേർത്ത് 13-10-2026-ന് നിയമാനുസരണം അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിരിക്കുകയാണ്. സ്വാമ്പി സ്വദേശിനിയായ സ്ത്രീയുടെ മുമ്പിൽ മരണപ്പെട്ട അജ്ഞാതൻ 09-10-2026-ന് നഗ്നതാപ്രദർശനം നടത്തിയതിനെത്തുടർന്നുണ്ടായ വിരോധമാണ് പ്രതികളെ ഇപ്രകാരം ചെയ്യാൻ പ്രേരിപ്പിച്ചതെന്നാണ് കണ്ടെത്തിയിട്ടുള്ളത്. മരണപ്പെട്ടയാളെ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല. ഇയാളെ തിരിച്ചറിയുന്നതിനായി

*16-10-2026*
*Submission*

ഇദ്ദേഹത്തിന്റെ ഫോട്ടോ പത്രമാധ്യമങ്ങളിലും ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ചും സോഷ്യൽ മീഡിയവഴിയും വലിയ പ്രചരണം നടത്തിവരുകയാണ്. നിലവിൽ കേസിന്റെ അന്വേഷണം, ചിറ്റൂർ സബ് ഡിവിഷൻ ഓഫീസറുടെ 14-10-2026-ലെ നം. 4586224/2026 ഉത്തരവുപ്രകാരം കൊഴിഞ്ഞമ്പാറ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പത്തംഗ ടീം രൂപീകരിച്ച് അന്വേഷണം നടത്തിവരികയാണ്. എനിക്ക് ഈ സഭയുടെ മുമ്പിൽ അവതരിപ്പിക്കാനുള്ളത്, ഇത്തരം സംഭവങ്ങൾ കേരളത്തിൽ ഒരിക്കലും അംഗീകരിച്ചുകൊടുക്കാൻ കഴിയുന്നതല്ല. നിയമം കൈയിലെടുക്കുകയാണ് ചെയ്തിരിക്കുന്നത്. ഒരാൾ തെറ്റ് ചെയ്താൽ അയാളെ ശിക്ഷിക്കാൻ വേണ്ടിയുള്ള നിയമം നമ്മുടെ നാട്ടിലുണ്ട്. Law Enforcement Agency-യാണ് പൊലീസ്. ആ Law Enforcement Agency-ക്ക് ഇത് കണ്ടുപിടിക്കാനും അയാൾ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അയാളെ മാതൃകാപരമായി ശിക്ഷിക്കാനുമുള്ള ഉത്തരവാദിത്വം ഉണ്ട്. അതിനാണല്ലോ പൊലീസും കോടതിയുമൊക്കെ രാജ്യത്ത് നിലവിലുള്ളത്. കുറെയാളുകൾ ചേർന്ന് ഒരാളിനെ ആക്രമിക്കുക,

*16-10-2026*
*Submission*

മർദിക്കുക, പത്ത്-അമ്പത്തിരണ്ട് പരിക്കേല്പിക്കുക, തലയ്ക്ക് ക്ഷതമുണ്ടാക്കുക, അയാൾ മരണപ്പെടുക, ഇത് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. തന്നെയുമല്ല, ഇതിലെ പ്രതികളായി കണ്ടെത്തിയവരെല്ലാം ചെറുപ്പക്കാരാണ്. അത്തരം ആളുകൾക്ക് ഒരിക്കലും ഭൂഷണമായ കാര്യമല്ല ഇത്. വളരെ വേദനാജനകമായ, ഇന്ന് കേരളത്തിലെ എല്ലാ പ്രമുഖ ദിനപത്രങ്ങളും; മലയാള മനോരമ, മാതൃഭൂമി, മാധ്യമം ഈ പത്രങ്ങളൊക്കെ ഇന്ന് എഡിറ്റോറിയൽ എഴുതി ഈ സംഭവത്തെ ശക്തമായ ഭാഷയിൽ അപലപിച്ചിട്ടുണ്ട്. ദൃശ്യമാധ്യമങ്ങളിലൂടെ ഈ വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. കേരളീയ സമൂഹത്തിന് ഒരിക്കലും അംഗീകരിച്ചുകൊടുക്കാൻ കഴിയാത്ത പ്രതിഷേധാർഹമായ ഒരു നടപടിയാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. ഏതായാലും ബഹുമാനപ്പെട്ട ചിറ്റൂർ അംഗം ശ്രീ. സുമേഷ് അച്ചുതൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, പൊലീസ് ശക്തമായ നടപടിയെടുക്കും. ഇപ്പോൾതന്നെ 7 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മരിച്ചയാൾ ആരാണെന്ന് കണ്ടെത്തുകയാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഇന്ന് രാവിലെതന്നെ ഞാൻ എ.ഡി.ജി.പി.

*16-10-2026*
*Submission*

ഇന്റലിജൻസിനോട് തമിഴ്നാട് എ.ഡി.ജി.പി. ഇന്റലിജൻസുമായി ബന്ധപ്പെടാൻ പറഞ്ഞു. കാരണം മീനാക്ഷിപുരം എന്നുപറയുന്നത് നമ്മുടെ അതിർത്തിയാണ്. ഞാൻ കഴിഞ്ഞതവണ ആഭ്യന്തര മന്ത്രി ആയിരുന്നപ്പോഴാണ് മീനാക്ഷിപുരത്ത് ഒരു പുതിയ പൊലീസ് സ്റ്റേഷൻ സ്ഥാപിച്ചത്. അവിടെ ധാരാളം കുറ്റകൃത്യങ്ങൾ നടക്കുന്നെന്ന് കണ്ടുകൊണ്ടാണ്; ഒറ്റ നമ്പർ ലോട്ടറി, അതോടൊപ്പംതന്നെ അതിർത്തിയായതുകൊണ്ടുണ്ടാകുന്ന പല തരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് അന്ന് ശ്രീ. സുമേഷ് അച്ചുതന്റെ പിതാവ് യശ്ശഃശരീരനായ ശ്രീ. കെ. അച്ചുതൻ, ആവശ്യപ്പെട്ടതനുസരിച്ചാണ് മീനാക്ഷിപുരത്ത് ഒരു പുതിയ പൊലീസ് സ്റ്റേഷൻ അന്ന് ഞാൻ തന്നെയാണ് രൂപീകരിക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തത്. അവിടത്തെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് ശക്തമായ നടപടിയുണ്ടാകും. പൊലീസ് അന്വേഷണം ഊർജിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ചിറ്റൂർ സി.ഐ.-യുടെ നേതൃത്വത്തിൽ പത്തംഗ ടീമിനെ ഇപ്പോൾതന്നെ എസ്.ഐ.ടി.-യായി രൂപീകരിച്ച് അന്വേഷണം നടത്തിവരികയാണ്. മധുവിനുണ്ടായ അനുഭവം

ഉണ്ടാകരുതെന്നാണ് നമ്മുടെ എല്ലാവരുടെയും ആഗ്രഹം. അതുകൊണ്ട് ശക്തമായ നടപടിയുണ്ടാകുമെന്ന് ഈ സഭയിലൂടെ കേരളത്തിലെ ജനങ്ങളെ അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

(4) തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ പുതിയ തസ്തിക അനുവദിക്കൽ

ശ്രീ. ദീപക് ജോയ്: സർ, തൃപ്പൂണിത്തുറ ഗവൺമെന്റ് താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. രാജഭരണകാലത്ത് സ്ഥാപിതമായ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി ഇന്ന് അതീവ ഗുരുതരമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. നാല് പതിറ്റാണ്ടിന് മുമ്പ് കണയന്നൂർ താലൂക്ക് ആസ്ഥാനമായ ആശുപത്രിയായി ഉയർത്തപ്പെട്ട ഈ സ്ഥാപനത്തിന് ഇന്നും അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ ജീവനക്കാരെയും ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഏറെ ദുഃഖകരമാണ്. തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ വിദഗ്ധരായ ഡോക്ടർമാരുടെ അഭാവവും പാരാമെഡിക്കൽ ജീവനക്കാരുടെ കുറവും, ചുരുക്കത്തിൽ ഒരു താലൂക്ക് ആശുപത്രിക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളും ചികിത്സാ

*16-10-2026*
*Submission*

സംവിധാനവും ഒരുക്കേണ്ടത് അടിയന്തരമായ ആവശ്യമായി മാറിയിരിക്കുകയാണ്. തൃപ്പൂണിത്തുറ, മരട് നഗരസഭകളും ഉദയംപേരൂർ, ചോറ്റാനിക്കര, മുളന്തുരുത്തി, കുമ്പളം എന്നീ പഞ്ചായത്തുകൾക്കുംപുറമേ സമീപ പ്രദേശങ്ങളിലെ ആയിരക്കണക്കിന് സാധാരണക്കാർ നിത്യവും ഉപയോഗിക്കുന്ന ആശുപത്രിയാണിത്. ഏകദേശം 1500-ഓളം ഐ.പി./ഒ.പി. പേഷ്യന്റ്സ് ഇവിടെയുണ്ട്. അമ്പലമേട് വ്യവസായ മേഖലയിലെ അപകടങ്ങളിൽ അടിയന്തര ചികിത്സയ്ക്കായി രോഗികളെ ആദ്യം എത്തിക്കുന്നത് ഈ ആശുപത്രിയിലാണ്. അതുകൊണ്ടുതന്നെ ഈ ആശുപത്രിയിലെ ശോചനീയാവസ്ഥ ആയിരക്കണക്കിന് ജനങ്ങളുടെ ആരോഗ്യസുരക്ഷയെ ബാധിക്കുന്ന വിഷയമാണ്. ഈ സാഹചര്യത്തിൽ ജനറൽ മെഡിസിൻ, ത്വക്ക് രോഗം, സർജറി, ഫോറൻസിക് മെഡിസിൻ, സൈക്യാട്രി എന്നീ വിഭാഗങ്ങളിൽ ആവശ്യമായ വിദഗ്ധരായ ഡോക്ടർമാരെ നിയമിക്കണമെന്ന് ഈ സഭയെ അറിയിക്കുകയാണ്. സി.എം.ഒ., ആർ.എം.ഒ. തസ്തികകളിലും ആശുപത്രിയുടെ ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഒരു ഹെഡ് ക്ലാർക്ക് തസ്തികയിലും

*16-10-2026*
*Submission*

നിയമനം നടത്തേണ്ടതുണ്ട്. അടിയന്തര നടപടി സ്വീകരിക്കേണ്ട, പ്രത്യേക സ്വാഭാവിക മരണങ്ങളിൽ പോസ്റ്റ്മോർട്ടം നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഫോറൻസിക് മെഡിസിൻ ജൂനിയർ കൺസൾട്ടന്റ് തസ്തിക അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം നിർമ്മാണം നിലച്ചുകിടക്കുന്ന പുതിയ ബ്ലോക്കിന്റെ നിർമ്മാണം പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. കേരളത്തിന്റെ ആരോഗ്യമേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സാധാരണക്കാരന് മികച്ച ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ഇടപെടലുകൾ നടത്തുന്ന ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അടിയന്തരമായി ഇടപെട്ടുകൊണ്ട് ഈ ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആയതിനാൽ ഈ ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സബ്മിഷനിലൂടെ

അഭ്യർഥിക്കുകയാണ്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രി 146 കിടക്കകളുള്ളതും പ്രതിദിനം ആയിരത്തിലധികം രോഗികൾ ചികിത്സ തേടിയെത്തുന്നതുമായ ഒരു പ്രധാന സർക്കാർ ആശുപത്രിയാണ്. കാഷ്വാലിറ്റി ഉൾപ്പെടെ വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങളും ഡയാലിസിസ്, ലാബ്, സ്കാനിങ്, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും ഇവിടെ ലഭ്യമാണ്.

പ്രസ്തുത ആശുപത്രിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II, പാർട്ട് ടൈം സ്വീപ്പർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി.) തസ്തികയിലെ ഒഴിവ് പ്ലേസ്മെന്റ് മുഖേന നികത്തുന്നതാണ്. ആശുപത്രിയുടെ ഭരണപരമായ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് പിഴല കുടുംബാരോഗ്യ കേന്ദ്രത്തിലെ ഹെഡ് ക്ലാർക്ക് തസ്തിക തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലേക്ക് മാറ്റുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ കാഷ്വാലിറ്റി മെഡിക്കൽ

ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ തൃപ്പൂണിത്തുറ ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. അധിക ഡോക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങളും രോഗികളുടെ എണ്ണവും ജീവനക്കാരുടെ ലഭ്യതയും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(5) <u>സർക്കാർ ആശുപത്രികളിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ സേവനം</u>

<u>ശ്രീ. നാട്ടകം സുരേഷ്</u>: സർ, കേരളത്തിലെ ജില്ലാ ജനറൽ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും നിലനിൽക്കുന്ന ഒരു പ്രശ്നം സഭയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മേൽപ്പറഞ്ഞ ആശുപത്രികളിൽ ഉച്ചയ്ക്ക് 2.00 മണിക്കുശേഷം പിറ്റേദിവസം രാവിലെ 8.00 മണിവരെ കാഷ്വാലിറ്റിയിൽ ഒരു ഡോക്ടർ മാത്രമാണുള്ളത്. ഉച്ചയ്ക്ക് 2.00 മണി മുതൽ പിറ്റേദിവസം രാവിലെ 8.00 മണി വരെയുള്ള സമയത്തിനിടയ്ക്ക് നൂറുകണക്കിന് രോഗികളാണ് ഈ ആശുപത്രികളിലേക്ക് എത്തിച്ചേരുന്നത്. പനി, ഛർദി, വയറൽ അസുഖംപോലെയുള്ള സാധാരണ രോഗങ്ങൾ മുതൽ പക്ഷാഘാതം,

*16-10-2026*

*Submission*

ഹൃദയാഘാതം പോലെയുള്ള അടിയന്തര ചികിത്സ ലഭിക്കേണ്ട ഗുരുതരാവസ്ഥയിൽ വരുന്ന രോഗികൾ, റോഡപകടങ്ങളിൽപ്പെട്ട് രക്തം വാർന്നൊഴുകി വരുന്ന ആളുകൾ, മദ്യപിച്ച് പ്രശ്നങ്ങളുണ്ടാക്കി മുറിവുകളുമായി വരുന്ന ആളുകൾ, മെഡിക്കോ-ലീഗൽ പരിശോധനകൾ നടത്തുന്നതിനുവേണ്ടി പൊലീസ് കൊണ്ടുവരുന്ന ആളുകൾ, പ്രാഥമിക ശുശ്രൂഷ നൽകി ആംബുലൻസുകളിൽ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്ന രോഗികൾ എന്നുവേണ്ട നൂറുകണക്കിന് രോഗികളാണ് ഈ ആശുപത്രികളിലേക്ക് ആ സമയത്തിനുള്ളിൽ എത്തിച്ചേരുന്നത്. ആ സമയത്ത് അവിടെ ഒരു ഡോക്ടർ മാത്രമാണുള്ളത്. ഒരേസമയം ഇത്തരം സങ്കീർണ്ണവും അടിയന്തരവുമായ സാഹചര്യങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ ജീവൻരക്ഷാ ചികിത്സ നൽകുന്നതിൽ സ്വാഭാവികമായും വലിയ കാലതാമസമുണ്ടാകുമെന്ന് നമുക്കറിയാം. കാഷ്വാലിറ്റിക്ക് മുന്നിൽ മണിക്കൂറുകളോളം രോഗികളും കൂട്ടിരിപ്പുകാരും കാത്തിരിക്കുന്നതും രോഗിയുടെ ജീവന് സമയത്തിന്റെ പ്രശ്നങ്ങൾ കാരണമുണ്ടാകുന്ന ഭീഷണിയും നമുക്കറിയാം. മാനസിക

*16-10-2026*
*Submission*

സംഘർഷത്തിൽപ്പെടുന്ന രോഗികളും ബന്ധുക്കളും ഡ്യൂട്ടിയിലുള്ള ഡോക്ടറുമായി നിരന്തരം വാക്കുതർക്കങ്ങളുണ്ടാകുന്നതും ചില സംഭവങ്ങൾ അക്രമത്തിലേക്ക് പോകുന്നതും നമ്മൾ കണ്ടുകൊണ്ടിരിക്കുന്നതാണ്. എന്റെ ജില്ലയായ കോട്ടയത്തെ ഡോക്ടർ വന്ദന ദാസ് കൊല ചെയ്യപ്പെട്ടത് നമ്മുടെ മുമ്പിൽ ഇന്നും മായാതെ നിൽക്കുകയാണ്. ഇതുപോലൊരു സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് അതുണ്ടായത്. ഈ പ്രതിസന്ധിക്ക് പരിഹാരമുണ്ടാകണം. അത്യാഹിത വിഭാഗങ്ങൾ പ്രവർത്തിക്കുന്ന എല്ലാ പ്രധാന ആശുപത്രികളിലും ഓരോ ഷിഫ്റ്റിലും ചുരുങ്ങിയത് രണ്ട് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ സേവനം കൂടി ഉറപ്പുവരുത്തണം. ഇപ്പോൾ രണ്ടുപേരാണുള്ളത്. അധികമായി രണ്ടുപേരുടെയുംകൂടി സേവനം ഉറപ്പുവരുത്തണം. ഇത്തരം ആശുപത്രികളിൽ നിലവിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഏകദേശം നാല് ഡോക്ടർമാരുണ്ട്. ഇതിനുപുറമേ ഓരോ ആശുപത്രിയിലും അധികമായി നാല് ഡോക്ടർമാരെക്കൂടി നിയമിക്കുകയാണെങ്കിൽ ആകെ എട്ട് ഡോക്ടർമാരാകും. ഓരോ ഷിഫ്റ്റിലും രണ്ട് ഡോക്ടർമാരുടെ വീതം സാന്നിധ്യം ഉറപ്പാക്കാൻ സാധിക്കും. ഇങ്ങനെ

*16-10-2026*
*Submission*

ഒരേസമയം രണ്ട് ഡോക്ടർമാർ ലഭ്യമായാൽ ഒരാൾക്ക് സാധാരണ അത്യാഹിത ഒ.പി. കൈകാര്യം ചെയ്യാനും രണ്ടാമത്തെ ഡോക്ടർക്ക് അതീവ ഗുരുതരാവസ്ഥയിലുള്ള അത്യാഹിത കേസുകളിലും മെഡിക്കോ-ലീഗൽ പരിശോധനകളിലും ശ്രദ്ധ കേന്ദ്രീകരിക്കാനും സാധിക്കും. ഇതുവഴി നിലവിലുയരുന്ന ജനകീയ പരാതികളിൽ പകുതിയിലധികവും പൂർണ്ണമായി പരിഹരിക്കാൻ സാധിക്കും. സംസ്ഥാനത്തെ എല്ലാ ജില്ലാ-ജനറൽ-താലൂക്ക് ആശുപത്രികളിലെയും കാഷ്വാലിറ്റികളിൽ രോഗികളുടെ എണ്ണത്തിനാനുപാതികമായി ഓരോ ഷിഫ്റ്റിലും ചുരുങ്ങിയത് രണ്ട് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർഥിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): സർ, സർക്കാർ ആശുപത്രികളിലെ കാഷ്വാലിറ്റി വിഭാഗങ്ങളിൽ ഉച്ചയ്ക്കുശേഷം ഉൾപ്പെടെ എല്ലാ സമയങ്ങളിലും സമയബന്ധിതമായ അടിയന്തര ചികിത്സ ഉറപ്പാക്കുന്നതിനും രോഗികളുടെയും ആരോഗ്യ പ്രവർത്തകരുടെയും സുരക്ഷ

*16-10-2026*

*Submission*

വർധിപ്പിക്കുന്നതിനും കൂടുതൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ സേവനം ആവശ്യമാണ്.

നിലവിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള 142 പ്രധാന ആശുപത്രികളിലായി 626 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികകളാണുള്ളത്. എന്നാൽ പല ആശുപത്രികളിലും ഒരു ഷിഫ്റ്റിൽ ഒരു ഡോക്ടർ മാത്രമാണ് കാഷ്വാലിറ്റി വിഭാഗത്തിൽ സേവനം ചെയ്യുന്നത്. ഇത് ഒരേസമയം ഒന്നിലധികം അത്യാഹിത കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പ്രായോഗികമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ഈ സാഹചര്യം പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ 141 പ്രധാന ആശുപത്രികളിലായി 510 പുതിയ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

കൂടുതൽ തസ്തികകൾ അനുവദിക്കുന്നതോടൊപ്പം കാഷ്വാലിറ്റി വിഭാഗങ്ങളിലെ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും

നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിലൂടെ അടിയന്തര ചികിത്സ കൂടുതൽ കാര്യക്ഷമമാക്കാനും രോഗികൾക്കും ആരോഗ്യ പ്രവർത്തകർക്കും സുരക്ഷിതമായ അന്തരീക്ഷം ഉറപ്പാക്കാനും സാധിക്കും. ഇതുസംബന്ധിച്ച് കുറേക്കൂടെ വിശദമായ കണക്കുണ്ട്, അത് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(6) കാരപ്പറമ്പ്- ബാലുശ്ശേരി റോഡ് വീതി കൂട്ടൽ

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ: സർ, കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെ അശാസ്ത്രീയമായ വൈഡനിങുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. കോഴിക്കോടിന്റെ ഗ്രാമീണ മേഖലയെ നഗരവുമായി ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡാണ് കോഴിക്കോട്-ബാലുശ്ശേരി റോഡ്. ഏകദേശം 20 കിലോമീറ്റർ എട്ട് വില്ലേജിലൂടെയാണ് ഈ റോഡ് കടന്നുപോകുന്നത്. 2020-ലാണ് ഈ റോഡിന്റെ അക്വിസിഷൻ പ്രോസസ്സുമായി ബന്ധപ്പെട്ടുള്ള വിജ്ഞാപനം ഇറങ്ങിയത്. ഈ റോഡിന്റെ കാരപ്പറമ്പ് മുതൽ കക്കോടി ഭാഗംവരെ റോഡ് വൈഡനിങ് പ്രൊപ്പോസലുള്ളത് 12 മീറ്ററാണ്. തുടർന്നുള്ള കക്കോടി പാലം മുതൽ ബാലുശ്ശേരിവരെ റോഡിന്റെ പ്രൊപ്പോസലുള്ളത് 8 മീറ്ററാണ്.

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അതായത് ഈ റോഡിന്റെ രണ്ടാമത്തെ സ്ട്രെച്ച് 12 മീറ്റർ വരുന്ന സമയത്ത്, ഇതിന്റെ രണ്ടുഭാഗത്തും ഒന്നര മീറ്റർ ഡ്രെയിനേജ് കൂടി വരുമ്പോൾ ഇതിന്റെ കാര്യേജ് വേ എന്ന് പറയുന്നത് ഏകദേശം ഒമ്പത് മീറ്റർ മാത്രമായിരിക്കും. നിലവിൽ ഈ റോഡിന് കക്കോടി ഭാഗത്തെല്ലാം ഒമ്പത് മീറ്ററാണ് നിലനിൽക്കുന്നത്. പുതിയ പ്രൊപ്പോസ്ഡ് റോഡ് വരുന്നതോടുകൂടി അവിടുത്തെ വലിയ ഗതാഗതക്കുരുക്കും പ്രശ്നങ്ങളുമെല്ലാം അവസാനിക്കുമെന്നാണെങ്കിൽപോലും റോഡ് ഡ്രെയിനേജ് മൂന്ന് മീറ്റർ കടന്നുവരുമ്പോൾ, ഒമ്പത് മീറ്റർ മാത്രമായി ഈ മേഖല മാറുന്നതിനാൽ ഇതിൽ യാതൊരു ഉപയോഗവും ഉണ്ടാകില്ലെന്നാണ് ഈയവസരത്തിൽ പറയാനുള്ളത്. ആയതിനാൽ ഈ റോഡിന്റെ രണ്ടാമത്തെ സ്ട്രെച്ചും, അതായത് കക്കോടി പാലം മുതൽ ബാലുശ്ശേരി വരെയുള്ള വൈഡനിങ് 18 മീറ്ററാക്കണം എന്നുള്ള ആവശ്യമാണ് ഈ സഭയുടെ മുന്നിൽ കൊണ്ടുവരാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെ വികസനത്തിനായി സ്പെഷ്യൽ

*16-10-2026*

*Submission*

പർപ്പസ് വെഹിക്കിളായി ആർ.ഐ.സി.കെ. ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് കാരപ്പറമ്പ് മുതൽ കക്കോടി പാലംവരെ ഏകദേശം നാല് കിലോമീറ്റർ നീളമുള്ള കാരപ്പറമ്പ്-ബാലുശ്ശേരി റോഡിന്റെ ആദ്യഭാഗം നാലുവരി പാതയായി നിർദേശിക്കുകയും മിനിമം റൈറ്റ് ഓഫ് വേ 18 മീറ്ററായി നിജപ്പെടുത്തിക്കൊണ്ട് ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. നിലവിലുള്ള ഡി.പി.ആർ. പ്രകാരം ആവശ്യമായ ജങ്ഷൻ മെച്ചപ്പെടുത്തുന്നതിനോടൊപ്പം കക്കോടി പാലം മുതൽ ബാലുശ്ശേരി മുക്ക് വരെയുള്ള രണ്ടാമത്തെ പാത മിനിമം റൈറ്റ് ഓഫ് വേ 12 മീറ്ററായി വികസിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതിനായി സെക്ഷൻ 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ഭൂമിയേറ്റെടുക്കുന്നതിനായി കോഴിക്കോട് ലാൻഡ് അക്വിസിഷൻ കിഫ്ബി കാര്യാലയത്തിന് 152.6 കോടി രൂപ അനുവദിച്ച് നൽകിയിട്ടുമുണ്ട്. പദ്ധതിയുടെ പരിധിയിൽ വരുന്ന എട്ട് വില്ലേജുകളിൽ അവാർഡ് വിതരണത്തിനായി നടപടികൾ സ്വീകരിക്കുകയും ചില ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം വിതരണം

ചെയ്തിട്ടുള്ളതും ബാക്കിയുള്ള വില്ലേജുകളിൽ അവാർഡ് വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കാരണം, ഒരു റോഡിന് രണ്ട് സ്വഭാവം വരികയാണ്. ഒന്ന്, പന്ത്രണ്ട് മീറ്ററും മറ്റൊന്ന് പതിനെട്ട് മീറ്ററുമായി നിൽക്കുകയാണ്. പ്രസ്തുത റോഡിന്  നിലവിലുള്ള പന്ത്രണ്ട് മീറ്ററിൽ കൂടുതൽ ലഭ്യമാകുമോയെന്ന കാര്യം തീർച്ചയായും പരിശോധിക്കുമെന്ന് അറിയിക്കുകയാണ്.

(7) <u>കുന്ദമംഗലം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എം. എ. റസാഖ് മാസ്റ്റർ</u>: സർ, ബ്രിട്ടീഷ് ഭരണകാലത്ത് 1805-ൽ രൂപീകരിച്ചതാണ് കുന്ദമംഗലം സബ്‌താലൂക്ക്. ഈ സബ് താലൂക്കിനെ പൂർണ്ണ താലൂക്കായി ഉയർത്തണമെന്ന അടിയന്തര ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. 2020-ലെ റവന്യൂ ഗൈഡുപ്രകാരം സംസ്ഥാനത്തിലെ ഒരു താലൂക്കിലെ ശരാശരി ജനസംഖ്യ 439311 ആണ്. എന്നാൽ കോഴിക്കോട് ജില്ലയിലെ

*16-10-2026*

*Submission*

താലൂക്കുകളിലെ ശരാശരി ജനസംഖ്യ 723866 ആണ്. കുന്ദമംഗലം ഉൾപ്പെടുന്ന കോഴിക്കോട് താലൂക്കിലെ ജനസംഖ്യാ ബാഹുല്യവും ജോലിഭാരവും കാരണം... വിവിധ ആവശ്യങ്ങൾക്കായി മലയോര മേഖലയിലുൾപ്പെടുന്ന സാധാരണക്കാർക്ക് കിലോമീറ്ററുകൾ സഞ്ചരിച്ചാണ് കോഴിക്കോട് താലൂക്ക് ഓഫീസിൽ വീണ്ടുംവീണ്ടും പോകേണ്ടതായിവരുന്നുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇന്നലെ സഭയിൽ അവതരിപ്പിച്ച 'സരൾ (സിംപ്ലിംഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം' പദ്ധതിയുടെ ഭേദഗതി ഐകകണ്ഠ്യേന പാസ്സാക്കുകയല്ലേ എന്ന് അങ്ങ് ചോദിക്കുകയും അതിനെ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തത് ഏറ്റവും ചരിത്ര നിമിഷമാണ്. ആ ചരിത്രപരമായ ദിവസത്തിന് തൊട്ടടുത്ത ദിവസം പൊതുജനങ്ങളുടെ യാത്രാദുരിതവും ഓഫീസുകൾ കയറിയിറങ്ങുന്ന ദുരിതവും പരിഹരിക്കുന്നതിനായി അടിയന്തര പ്രാധാന്യമുള്ള മറ്റൊരു വിഷയത്തെ സംബന്ധിച്ച് സബ്മിഷൻ അവതരിപ്പിക്കാൻ സാധിച്ചതിൽ ഞാൻ

അതിയായി സന്തോഷിക്കുന്നു. കാലോചിതമായി നടപ്പിലാക്കേണ്ട മാറ്റങ്ങളും പുതിയ കാഴ്ചപ്പാടുകളും സ്വീകരിച്ച് നാനാമേഖലകളിലും പുരോഗതി കൈവരിച്ചുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ, ഒരൊറ്റ ചാനലിലൂടെ പെർമിറ്റുകളും ലൈസൻസുകളും ലഭ്യമാക്കി സമയലാഭം ഉറപ്പാക്കുന്ന സരൾ കേരള പദ്ധതിയുടെ മാതൃകയിൽ വിവിധ ഓഫീസുകൾ കയറിയിറങ്ങുന്ന പൊതുജനങ്ങളുടെ ദുരിതം പൂർണ്ണമായും പരിഹരിക്കുന്നതിന് കോഴിക്കോട് താലൂക്ക് പ്രഖ്യാപനത്തിലൂടെ സാധിക്കും. സർക്കാരിന്റെ സജീവ പരിഗണനയിലുള്ള മാവൂർ-ഗ്വാളിയാർ റയോൺസ്, ഐ.ഐ.എം., എൻ.ഐ.ടി., നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള എല്ലാ മന്ത്രിമാരും പരിശീലനം നേടിയ സ്ഥാപനായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, സി.ഡബ്ല്യു.ആർ.ഡി.എം.(Centre for Water Resources Development and Management), സ്കൂൾ ഓഫ് മാത്തമാറ്റിക്സ്, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ് തുടങ്ങിയ പ്രമുഖ

*16-10-2026*
*Submission*

സ്ഥാപനങ്ങളും HiLITE ടൗൺഷിപ്പുകളുമുൾപ്പെടെയുള്ള സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന ഒരു മണ്ഡലമാണ് കുന്ദമംഗലം. മിനി സിവിൽ സ്റ്റേഷൻ ഉൾപ്പെടെ ഒരു താലൂക്കിനുവേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഇവിടെയുണ്ട്. ഡെപ്യൂട്ടി തഹസിൽദാർ ഉൾപ്പെടെ എട്ട് പേരുടെ തസ്തിക ഇവിടെയുണ്ടെങ്കിലും നിലവിൽ ആറുപേരും ഡെപ്യൂട്ടേഷനിലാണ്. താലൂക്കായി പ്രവർത്തിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ളതിനാൽ താലൂക്ക് ആക്കുന്നതിന് സർക്കാരിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുകയില്ല. 1805-ൽ രൂപീകരിച്ച കുന്ദമംഗലം സബ് താലൂക്ക് രണ്ട് നൂറ്റാണ്ട് കഴിഞ്ഞിട്ടും താലൂക്ക് പദവി ലഭിക്കാതെ കേരളത്തിൽ അവശേഷിക്കുന്ന ഏക സബ്താലൂക്കാണത്. 1957-ൽ ഉണ്ടായിരുന്ന പത്ത് സബ്താലൂക്കുകളിൽ കുത്തുപറമ്പ് ഒഴികെയുള്ളവയെ പിന്നീട് താലൂക്കുകളായി ഉയർത്തുകയും ചെയ്തു. 2011-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ അങ്ങ് റവന്യൂ വകുപ്പുമന്ത്രിയായി തുടക്കം കുറിച്ച മന്ത്രിസഭ ഇരിട്ടി താലൂക്ക് രൂപീകരിക്കാൻ

അനുമതി നൽകിയതിലൂടെ കുത്തുപറമ്പ് പ്രശ്നം പരിഹരിക്കപ്പെട്ടു. എന്നാൽ കുന്ദമംഗലത്തെ മാത്രം ഇപ്പോഴും താലൂക്കായി ഉയർത്തിയിട്ടില്ല. കോഴിക്കോട്, താമരശ്ശേരി താലൂക്കുകളെ പുനഃക്രമീകരിച്ച് അവയിലുൾപ്പെടുന്ന പതിനെട്ട് വില്ലേജുകളെയുൾപ്പെടുത്തി കുന്ദമംഗലം താലൂക്ക് രൂപീകരിച്ചാൽ താമരശ്ശേരി താലൂക്ക് ഇരുപത് വില്ലേജുകളിൽനിന്നും പത്തൊമ്പത് വില്ലേജുകളായും കോഴിക്കോട് താലൂക്ക് 39-ൽനിന്ന് 22 വില്ലേജുകളായും ക്രമീകരിക്കപ്പെടും. ഇത്തരം വിഷയങ്ങളിൽ ഒറ്റക്കെട്ടായി അഭിപ്രായം പറയുന്ന സഭയും കോഴിക്കോട് ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രിയുമാണെന്നതുകൊണ്ട് ഈ വിഷയത്തെ ബഹുമാനപുരസ്സരം ഇവിടെ സമർപ്പിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട എം. എ. റസാഖ് മാസ്റ്റർ ഇവിടെ അവശ്യപ്പെട്ടത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലം ആസ്ഥാനമാക്കിക്കൊണ്ട് കോഴിക്കോട് താലൂക്ക് പുനഃസംഘടിപ്പിച്ച് കുന്ദമംഗലത്ത് ഒരു പുതിയ താലൂക്ക്

*16-10-2026*

*Submission*

രൂപീകരിക്കണമെന്ന ആവശ്യമാണ്. കോഴിക്കോട് ജില്ലയെ സംബന്ധിച്ചിടത്തോളം പുതിയ താലൂക്ക് രൂപീകരിക്കുകയെന്നത് അനിവാര്യമായ കാര്യമാണ് എന്നതിൽ തർക്കമില്ല. കാരണം താലൂക്കുകളുടെയും വില്ലേജ് ഓഫീസുകളുടെയും രൂപീകരണം പരിശോധിച്ചാൽ ഇത് തീർത്തും അശാസ്ത്രീയമാണെന്ന് പറയേണ്ടതായിവരും. മുൻകാലങ്ങളിൽ മാറിമാറിവന്ന ഗവൺമെന്റുകളെല്ലാം പല ഘട്ടങ്ങളിലായിട്ടാകണം ഈ രീതിയിൽ വന്നത്. തൃശ്ശൂർ ജില്ലയിൽ 13 നിയോജകമണ്ഡലങ്ങളിലായി 255 വില്ലേജുകളും മലപ്പുറം ജില്ലയിൽ 16 നിയോജകമണ്ഡലങ്ങളിലായി 138 വില്ലേജുകളും കാസർഗോഡ് ജില്ലയിൽ 5 നിയോജകമണ്ഡലങ്ങളിലായി 4 താലൂക്കുകളും മൂന്ന് നിയോജകമണ്ഡലമുള്ള വയനാട് ജില്ലയിൽ മൂന്ന് താലൂക്കുകളുമാണുള്ളത്. എന്നാൽ 13 നിയോജകമണ്ഡലമുള്ള കോഴിക്കോട് ജില്ലയിൽ നാല് താലൂക്ക് മാത്രമാണുള്ളത്. യഥാർത്ഥത്തിൽ ആ രീതിയിലുള്ള അശാസ്ത്രീയത നിലനിൽക്കുന്നുണ്ട്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത്തരം കാര്യങ്ങളിൽ ഏകീകൃത സ്വഭാവമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നു.

*16-10-2026*

*Submission*

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കുന്ദമംഗലം താലൂക്കുമായി ബന്ധപ്പെട്ട കാര്യത്തിലാണെങ്കിലും കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, താമരശ്ശേരി, വടകര, കൊയിലാണ്ടി എന്നിങ്ങനെ നാല് താലൂക്കുകളാണുള്ളത്. ഇതിൽ 39 വില്ലേജുകളുൾപ്പെടുന്ന കോഴിക്കോട് താലൂക്കാണ് ജനസംഖ്യ ബാഹുല്യവും വിസ്തൃതിയുംകൊണ്ട് ഏറ്റവും വലിയ താലൂക്ക്. വൻതോതിലുള്ള റവന്യൂ അപേക്ഷകളും ഫയലുകളും ഭരണപരമായ സമ്മർദത്തിനും അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസത്തിനും കാരണമാകുന്നുണ്ട്. ഭരണ സൗകര്യം മുൻനിർത്തി കുന്ദമംഗലം സിവിൽ സ്റ്റേഷൻ കേന്ദ്രീകരിച്ച് ഒരു സബ്താലൂക്ക് രൂപീകരിച്ചിരുന്നെങ്കിലും ഇപ്പോഴും കുന്ദമംഗലം ഒരു സബ്താലൂക്കായി തുടരുന്നത് പ്രദേശവാസികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്നും പൂർണ്ണ താലൂക്കുതല സേവനങ്ങൾക്കായി കോഴിക്കോട് താലൂക്കിനെ സമീപിക്കേണ്ടതായി വരുന്നുവെന്നും പരാതിയുണ്ട്. നിരവധി പ്രമുഖ വിദ്യാഭ്യാസ, സാങ്കേതിക, ഗവേഷണ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതും വേഗത്തിൽ വളരുന്ന ഉപനഗര മേഖലയുമായ കുന്ദമംഗലം സബ് താലൂക്കിനെ പൂർണ്ണ താലൂക്കായി പ്രഖ്യാപിക്കുക അല്ലെങ്കിൽ താലൂക്കായി

മാറ്റുക എന്നത് ആ പ്രദേശത്തുള്ളവരുടെ ഏറ്റവും പ്രധാനപ്പെട്ട ആഗ്രഹവും ആവശ്യവുമാണ്. പക്ഷെ ഇന്നത്തെ സാഹചര്യത്തിൽ, 05-10-2025-ലെ G.O.MS.No.146/2025/ജി.എ.ഡി. നമ്പർ ഉത്തരവുപ്രകാരം 2027-ലെ സെൻസസ് ആവശ്യങ്ങൾക്കായി സംസ്ഥാനത്തെ ഭരണ യൂണിറ്റുകളുടെ അതിർത്തികളിൽ യാതൊരു മാറ്റവും വരുത്തരുതെന്ന് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ 2027-ലെ സെൻസസ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമെ ഇത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കാൻ സാധിക്കുകയുള്ളൂ. അദ്ദേഹത്തിന്റെ ആവശ്യം വളരെ പ്രധാനപ്പെട്ടതാണ്. പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന സാഹചര്യത്തിൽ തീർച്ചയായും കുന്ദമംഗലം ആസ്ഥാനമാക്കി താലൂക്ക് രൂപീകരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കും.

## (8) ഫിഷിങ് ഹാർബർ നിർമ്മാണം

ശ്രീ. കെ. കെ. വത്സരാജ്: സർ, കയ്പമംഗലം നിയോജകമണ്ഡലത്തിലെ കയ്പമംഗലം ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന കമ്പനികടവിൽ ഒരു ഫിഷിങ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യമാണ് ഈ

സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ആ നാട്ടിലെ ജനങ്ങളുടെ ചിരകാല ആവശ്യമാണത്. അതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പാരിസ്ഥിതിക പഠനത്തിനാവശ്യമായ തുക അനുവദിക്കുകയും ചെയ്തു. ബീച്ചിനോട് ചേർന്നതായതിനാൽ ബീച്ച് തിരമാലകളുടെയും അതിന്റെ ശക്തിയെക്കുറിച്ചും തീരത്തിന്റെ മാറ്റങ്ങളെക്കുറിച്ചുമുള്ള പഠനങ്ങൾക്കായി കഴിഞ്ഞ മൂന്ന് വർഷമായി പൂനെയിലെ സി.ഡബ്ല്യൂ.പി.ആർ.എസ്. (Central Water and Power Research Station)-ൽ അതിന്റെ സമഗ്രമായ പഠനം നടന്നുവരികയായിരുന്നു. നിലവിൽ അതിന്റെ പഠന റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. രണ്ട് മാസംമുമ്പ് ബഹുമാന്യനായ മുഖ്യമന്ത്രി പങ്കെടുത്ത ഒരു പൊതുപരിപാടിയിൽ കമ്പനികടവിലെ ഫിഷിങ് ഹാർബർ യാഥാർത്ഥ്യമാക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. അവിടത്തെ ജനങ്ങൾ ആ പ്രഖ്യാപനത്തെ വളരെ ആരവത്തോടെയാണ് സ്വീകരിച്ചത്. അതിനാൽ ഈ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിൽ എത്രയും വേഗത്തിൽ ഫിഷിങ് ഹാർബർ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ

വേഗത്തിലാക്കുന്നതിനും നിർമ്മാണപ്രവർത്തനം ത്വരിതഗതിയിൽ ആരംഭിക്കുന്നതിനുമാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): സർ, തൃശ്ശൂർ ജില്ലയിലെ കയ്പമംഗലത്ത് ഒരു മിനി ഫിഷിങ് ഹാർബർ നിർമ്മാണത്തിനായുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 24-10-2013-ൽ 62 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ ഭാഗമായി പെർമനന്റ് പോയിന്റുകൾ സ്ഥാപിക്കൽ, ടോപ്പോഗ്രാഫിക് സർവെ, സൗണ്ടിങ്, ടൈഡ് ആൻഡ് പ്ലോട്ട് ഒബ്സർവേഷൻ, ബെഡ് വാട്ടർ ആൻഡ് സോയിൽ സാമ്പിൾ കളക്ഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. 04-01-2022-ൽ ഫിഷറീസ് വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പുതിയ ഫിഷിങ് ഹാർബറുകൾ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു. എന്നാലും തുടർന്ന് തൃശ്ശൂർ ജില്ലയിലെ പുതിയ ഫിഷിങ്

*16-10-2026*

*Submission*

ഹാർബർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി 11-12-2024-ൽ ബഹുമാനപ്പെട്ട മത്സ്യബന്ധ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം കയ്പമംഗലം ഹാർബർ നിർമ്മിക്കുന്നതിനുള്ള അന്വേഷണ, ഗവേഷണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച് മാതൃകാപഠനം നടത്തുന്നതിനായി 17-03-2025-ൽ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഫിഷിങ് ഹാർബർ പ്രൊപ്പോസലിന്റെ സാധ്യതകളെക്കുറിച്ചുള്ള മാതൃകാപഠന റിപ്പോർട്ട് സി.ഡബ്ല്യു.പി.ആർ.എസ്.-ൽനിന്ന് ലഭ്യമാകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ലഭ്യമായതിനുശേഷം ഫ്ലും സ്റ്റഡി കൂടി പൂർത്തീകരിച്ച് വിശദമായ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന തയ്യാറാക്കുന്നതാണ്.